ഗവ. എൽ. പി സ്കൂൾ
കല്പറ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ..... 2025-26

## താളുകളിലൂടെ .......

ആമുഖം

പ്രൊഫൈൽ

പൊതുലക്ഷ്യങ്ങൾ

അവസ്ഥാ വിശകലനം - വിദ്യാലയം നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ

മേഖല - അക്കാദമികം - മലയാള ഭാഷാശേഷി വികാസം

മേഖല - ഇംഗ്ലീഷ്

മേഖല - ഗണിതം

മേഖല - ശാസ്ത്രം

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ

കലാവിദ്യാഭ്യാസം

പ്രകൃതിപഠനം

ഹരിതവിദ്യാലയം

# ആമുഖം

കോട്ടയം ജില്ലയിൽ കുറവിലങ്ങാട് വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെടുന്ന കല്ലറ ഗവ. എൽ. പി.സ്കൂൾ 1911-ൽ സ്ഥാപിതമായി. നൂറ് വർഷം പിന്നിട്ട അക്ഷര തേജസ്സായ കല്ലറ ഗവ. എൽ പി സ്കൂളിന്റെ 2025-2026 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾക്ക് ജൂൺ 2-ാം തീയതി തിരിക്കൊളുത്തപ്പെട്ടു.

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോട് ചേർന്ന് നിന്ന് മുന്നോട്ടുവന്ന ആശയമാണ് എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിന്റെ ഭാഗമായി 2025-26 അദ്ധ്യയനവർഷത്തെ സ്കൂൾ പ്രവർത്തനങ്ങളെ മുൻനിർത്തി 2025 June 5, June 6, June 7 എന്നീ ദിവസങ്ങളിൽ നടത്തിയ SRG മീറ്റിംഗിലൂടെ ഈ വർഷം സ്കൂളിൽ നടത്തേണ്ട പഠന പ്രവർത്തനങ്ങൾ, കുട്ടികളിൽ വികസിപ്പിക്കേണ്ട ധാരണകൾ പഠന പിന്തുണാ പ്രവർത്തനങ്ങൾ, തുടങ്ങിയവയെ മുൻനിർത്തി

അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി.

ഇതിൻ പ്രകാരം ഈ വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും പഠനപുരോഗതിയും സമഗ്രവികാസവും ഉറപ്പാക്കത്തക്ക വിധം സ്കൂൾതല മാസ്റ്റർപ്ലാനും വ്യക്തിഗത മാസ്റ്റർപ്ലാനും തയ്യാറാക്കുകയുണ്ടായി.

സമഗ്രഗുണമേന്മ വർഷമായി ആചരിക്കുന്ന 2025-26 അധ്യയന വർഷത്തിൽ കുട്ടികളുടെ പഠനപ്രവർത്തനങ്ങളോട് ചേർത്ത് കൃഷിപഠനം, കലാ-കായിക പഠനവും വികാസവും, പാരിസ്ഥിതികാവബോധവും സാമൂഹികാവബോധവും ഒക്കെ വളർത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ യഥാകാരം ആസൂത്രണം ചെയ്ത് നടപ്പാക്കാൻ കഴിയുന്നു എന്ന് ഈ മാസ്റ്റർപ്ലാൻ വരച്ചു കാട്ടുന്നു.

പഠനബോധന മേഖലകളിലെ നൂതനസാധ്യതകൾ പ്രയോജനപ്പെടുത്തി, അറിവിന്റെ ഉയർന്ന തലത്തിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്തി ഈ സ്കൂളിനെ കൂടുതൽ മികവുറ്റതാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്കാദമിക മികവിലൂടെ "വിദ്യാലയം ഒരു പാഠപുസ്തകം" എന്ന മുദ്രാവാക്യം മുൻനിർത്തിക്കൊണ്ട് ഈ സ്കൂളിനെ മികച്ച സാമൂഹ്യസ്ഥാപനമാക്കി മാറ്റുകയാണ് ഞങ്ങളുടെ ലക്ഷ്യം.

# പ്രൊഫൈൽ

സ്കൂളിന്റെ പേര് : ഗവ. എൽ.പി. സ്കൂൾ കല്ലറ
വില്ലേജ് : കല്ലറ
പഞ്ചായത്ത് : കല്ലറ
ബ്ലോക്ക് : കടുത്തുരുത്തി
താലൂക്ക് : വൈക്കം
ജില്ല : കോട്ടയം
ബി. ആർ. സി : കുറവിലങ്ങാട്
ഹെഡ്മിസ്ട്രസ് : ഷൈനി തോമസ്
സീനിയർ അസിസ്റ്റന്റ് : K. സരസമ്മ
എസ്. ആർ. ജി. കൺവീനർ : സിനി മോഹൻ
പി. ടി. എ പ്രസിഡന്റ് : സന്തോഷ് CB
പി. ടി. എ വൈസ് പ്രസിഡന്റ് : ശ്രീകുമാർ
എം. പി. ടി. എ പ്രസിഡന്റ് : പ്രവീണ ഭാസ്കർ
എസ്. എം. സി കൺവീനർ : C.K ഗോപിക്കുട്ടൻ നായർ

# പൊതു ലക്ഷ്യങ്ങൾ

കുട്ടികൾ ഓരോ ഘട്ടത്തിലും നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തരത്തിൽ നേടി മികവുപുലർത്തുന്ന ക്ലാസ് മുറികളായി ഓരോ ക്ലാസ്മുറിയും രൂപാന്തരപ്പെട്ട് ജനാധിപത്യബോധമുള്ള മൂല്യബോധമുള്ള സാമൂഹിക, പരിസ്ഥിതി സംരക്ഷണ ബോധമുള്ള നന്മചുരത്തുന്ന നാളെയെ സൃഷ്ടിക്കുക. സമൂഹത്തിന്റെ വിശ്വാസ്യതയുള്ള പൊതുവിദ്യാലയമായി ഈ അധ്യയനവർഷം മുതൽ സ്കൂളിനെ മാറ്റുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ~~ലക്ഷ്യ~~ ലക്ഷ്യമിടുന്നത്.

1. പാഠ്യപദ്ധതി പ്രകാരമുള്ള പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക.
2. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക.
3. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷിലും ഉയർന്ന ശേഷിയും ഹിന്ദിയിൽ അടിസ്ഥാന ശേഷിയും കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട പഠനപ്രവർത്തനങ്ങൾ അധ്യാപകർ ആസൂത്രണം ചെയ്യുന്നതിനോടൊപ്പം അവർക്ക് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.

5 സ്വതന്ത്രവായനക്കാരാക്കി കുട്ടികളെ മാറ്റുക.

6. എഴുത്ത് സർഗ്ഗാത്മകമാക്കി വളർത്തുക

7. കുട്ടികളുടെ ഗണിതശേഷി വികസിപ്പിക്കുക

8. നിത്യജീവിതത്തിൽ ശാസ്ത്രത്തിന്റെ രീതി പ്രയോഗിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക.

9. കലയ്ക്കും പ്രവൃത്തി പഠനത്തിനും പ്രാധാന്യം നൽകി ആരോഗ്യകരമായ ജീവിതശീലവും മനോഭാവങ്ങളും വളർത്തുക.

10. യുക്തിസഹമായും സ്വതന്ത്രമായും ചിന്തിക്കാനും ആത്മവിശ്വാസത്തോടെ പെരുമാറുവാനും സവിശേഷമായ കഴിവ് വളർത്തുക

11. പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ

12 പ്രീ-പ്രൈമറി അധ്യാപനം മെച്ചപ്പെടുത്തുക

13. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ആകർഷകമാക്കുക.

14. മികച്ച ആശയവിനിമയം നടത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക

15 എൽ. എസ്. എസ് നുള്ള മികച്ച പരിശീലനം

# സ്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥാവിശകലനം

## നിലവിൽ വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ

1. കഴിഞ്ഞ 3 വർഷമായി വിദ്യാലയത്തിൽ കുട്ടികൾ കുറയുന്ന അവസ്ഥ.
2. അതാത് ക്ലാസിലെ പഠനശേഷികൾ എല്ലാ കുട്ടികൾക്കും നേടാൻ കഴിഞ്ഞിട്ടില്ല.
3. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് വ്യക്തിപരമായ പിന്തുണ നൽകുക.
4. വായനയ്ക്കും ലേഖനത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുക.
5. അക്കാദമിക നിലവാരം ഉയർത്താൻ സ്കൂളിൽ ലഭ്യമായ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തുക. (ലഭ്യമായ Projector class മുറികളിൽ ഘടിപ്പിക്കുക)
6. കഴിഞ്ഞ വർഷങ്ങളിൽ LSS സ്കോളർഷിപ്പ് സ്കൂളിലെ കുട്ടികൾക്ക് ലഭിക്കാത്ത അവസ്ഥ.
7. പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെ കുറവ്
   മെച്ചപ്പെട്ട ഗേൾസ് യൂറിനൽസിന്റെ അപര്യാപ്ത
8. പ്രീ-പ്രൈമറി അധ്യാപകരുടെ നിയമനം അംഗീകരിക്കാത്ത അവസ്ഥ

# മേഖല - അക്കാദമികം

## മലയാള ഭാഷാശേഷി വികസനം

### ദീർഘകാല ലക്ഷ്യങ്ങൾ

* മലയാള ഭാഷാ മൂല്യങ്ങൾ വളർത്തൽ
* ശുദ്ധമായ ഭാഷാപ്രയോഗം നിർബന്ധമാക്കൽ
* വായനാശീലം വളർത്തൽ
* കഥാരചന, കവിതാരചന നാടകം തുടങ്ങിയ രചനാത്മകശേഷികൾ ഉണർത്തൽ.
* ഭാഷാപ്രതിഭകളെ കണ്ടെത്തൽ / വളർത്തൽ
* എഴുത്തിൽ നൈപുണ്യം നേടൽ
* അക്ഷര പരിചയം ഉറപ്പാക്കുക
* വായന, എഴുത്ത് സംസാരം, കേൾവി എന്നിവയിലൂടെ ഭാഷാനൈപുണ്യം വളർത്തുക.
* കഥ, പാട്ട്, ചിത്രങ്ങൾ എന്നിവയിലൂടെ ഭാഷയോട് ആകർഷണം വളർത്തുക.
* കുട്ടികളുടെ സ്വതന്ത്ര ഭാഷാപ്രയോഗങ്ങൾക്ക് അവസരം സൃഷ്ടിക്കുക
* അറിവും മൂല്യങ്ങളും ഭാഷയിലൂടെ കൈമാറുക.
* കുട്ടികൾ അർത്ഥപൂർണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക.
* ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിന് കഴിവ് നേടുക.
* സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
* കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക

| കാലയളവ് | പ്രവർത്തനം | ചുമതല |
|---|---|---|
| July - March | **വായനയിലും ലേഖനത്തിലും ഉന്നത സ്ഥാന ശേഷി നേടിയ കുട്ടികൾക്കുള്ള** തുടർ പ്രവർത്തനങ്ങൾ.<br><br>വായനാ കാർഡ് നൽകൽ - പുതിയ പുതിയ വായനാ കാർഡുകൾ ക്ലാസ് നിലവാരമനുസരിച്ച് കുട്ടികൾക്ക് നൽകി വായിപ്പിക്കുന്നു. | Teachers വായനാ കാർഡ് നിർമ്മാണം. |
| July - March | റീഡിംഗ് കോർണർ ക്ലാസ് തലം<br>എല്ലാ ക്ലാസിലും പാഠഭാഗത്തോട് ബന്ധപ്പെട്ട വായനാ സാമഗ്രികൾ നൽകുന്നു - തീമാറ്റിക് വായനാ സാമഗ്രികൾ കുട്ടികൾ അധിക വായനക്കായി അവ പ്രയോജനപ്പെടുത്തുന്നു. | Teachers. |
| July - March | വായനശാല സന്ദർശനം - വായനശാലയിൽ അംഗത്വം എടുക്കൽ -<br>കുട്ടികൾ വായനശാല സന്ദർശിക്കുന്നു. വായനശാലയിൽ അംഗത്വം എടുക്കുന്നു. വായനക്കായി പുസ്തകങ്ങൾ വായനശാലയിൽ നിന്നും കുട്ടികൾ എടുക്കുന്നു. | PTA<br>Teachers |

| | |
|---|---|
| July - March | വണ്ടിക്കയിൽ നിന്ന് ഉത്തരം കണ്ടെത്താം<br>വായനാ സാമഗ്രി നൽകി ചോദ്യ ഉത്തരങ്ങൾ കണ്ടെത്തുന്നു. |
| July - March | കവിതാ പഠനം: മാസത്തിൽ ഒരു കവിത<br>ഓരോ മാസവും തിരഞ്ഞെടുക്കുന്ന കവികളുടെ ഒരു കവിത കുട്ടികൾ പഠിച്ച് ബാലവേദിയിൽ (വിദ്യാരംഗം) അവതരിപ്പിക്കുന്നു.<br>കൂടാതെ ചെറു കവിതകൾ പാടി പഠിക്കുന്നു. |
| September - March | വിവരണം തയ്യാറാക്കാം<br>ചിത്രത്തെ അടിസ്ഥാനമാക്കി, നൽകുന്ന ആശയത്തെ അടിസ്ഥാനമാക്കി വിവരണം കുട്ടികൾ തയ്യാറാക്കുന്നു. |
| October - March | വർണ്ണനാ വാക്യനിർമ്മാണം - കുട്ടികൾ പ്രകൃതിദൃശ്യങ്ങളെ അടിസ്ഥാനമാക്കി വർണ്ണനാ വാക്യങ്ങൾ നിർമ്മിക്കുന്നു. |
| September - March | കഥ എഴുതാം - കവിത എഴുതാം<br>ലഘു കഥ, കവിത തുടങ്ങിയവ എഴുതാൻ കുട്ടികൾക്ക് അവസരം നൽകുന്നു. ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. |

# മലയാളഭാഷ - വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പ്രവർത്തന പാക്കേജ്

| കാലയളവ് | പ്രവർത്തനം | ചുമതല - നിർവ്വഹണരീതി |
|---|---|---|
| July - August | അക്ഷരം ഉറപ്പിക്കൽ. ഉച്ചയ്ക്ക് 1 - 2 Pm വരെ ചിത്ര കാർഡ് കുട്ടികൾക്ക് വായിക്കുന്നു - എഴുതുന്നു. | Teachers. ചിത്ര കാർഡുകൾ Trs. ഉണ്ടാക്കി നൽകുന്നു. Board-ൽ ചിത്രങ്ങൾ ഓരോന്നായി പരിചയപ്പെടുത്തുന്നു. ചിത്ര കാർഡ് നോക്കി കുട്ടികൾ വായിക്കുന്നു. എഴുതുന്നു. |
| August - September | അക്ഷരങ്ങളുടെയും വാക്കുകളുടെയും ഫ്ലാഷ് കാർഡുകൾ കൊണ്ട് വായിക്കുന്നു. എഴുതുന്നു. Time 1 - 2 Pm | Teachers. Flash card കൾ SRG കൂടി തീരുമാനിച്ച് ഉണ്ടാക്കുന്നു. |
| September - october | ചെറുവാക്യ വായന, എഴുത്ത് Reading card നൽകൽ | Teachers Reading cardകൾ നിർമ്മിക്കുന്നു. |
| october - November. | ചെറിയ വായനാ കാർഡുകൾ ചെറിയ കഥകൾ / കവിതകൾ | Teachers. Reading cardകൾ ചെറുകഥകൾ / കവിതകൾ അടങ്ങിയ വായനാ സാമഗ്രി നിർമ്മിക്കുന്നു. |

| | | |
|---|---|---|
| November - March. | ചെറിയ കഥാപുസ്തകങ്ങൾ - വായനക്കായി നൽകുന്നു. കുട്ടികൾ വീട്ടിലും സ്കൂളിലും ഇരുന്ന് വായിക്കുന്നു അവതരിപ്പിക്കുന്നു. | Teachers Parents |
| Nov-March | കണ്ട് പറയാം<br>ചിത്രങ്ങൾ - അടിസ്ഥാനമാക്കി വാക്യങ്ങൾ പറയുന്നു, എഴുതുന്നു. | Teachers Parents. |
| | | |

# ഭാഷ - English.

## English Language Enrichment

### Long Term Goals

* Develop basic Listening, Speaking, Reading and
* Writing (LSRW) Skills.
* Help children to Communicate Simple ideas in English
* Encourage Vocabulary enrichment and Sentence Construction.
* Make English learning enjoyable through rhymes, Stories and Games.

| | Activities / Focus Area | |
|---|---|---|
| June-August | Phonemic Awareness : Letter Sounds, Alphabet games | Teachers |
| July-March | Picture reading : Tr: Shows a picture → Discussion children Speak about the picture. | Teachers |
| June-December | Vocabulary Building : Flash cards, Word Walls, Simple reading Cards | Teachers Parents |
| July-November | Speaking practice : Show and tell.<br>: Role Play. | Teachers Parents |
| July to march | Introduce the news words in the class Arranging words in alphabetical orders | Teachers Parents |
| July-September | Rhyming words : Plays the audio song. Let the learner sing after the audio identifies ~~identifying~~ rhyming words | Teachers Parents |

| | | | |
|---|---|---|---|
| | Add more lines: | Plays the audio song<br>Let the learner sing after the audio<br>Add more lines to the poem | Teachers<br>Parents. |
| December – March | Read and understands the given stories and poems | : Provides the opportunity to read simple stories and poems.<br>: They tell the story they read | Teachers<br>Parents |
| December to March. | Make simple riddles – | : Gives children the opportunity to hear and answer simple riddles.<br>Make simple riddles | Teachers<br>parents |
| June – March | English Assembly – | Conducting an English Assembly once in a week | |
| August – March | English Dairy writing. | Std. 3, 4 write diary | Parents, Trs |
| July – March | English Reading corner, | Simple storiesbook Children's magazine etc placed on the reading corner to enhance reading. | Teachers |

# മേഖല - ഗണിതം

| കാലയളവ് | പ്രവർത്തനം | ചുമതല |
|---|---|---|
| July – December | സംഖ്യാബോധം ഉറപ്പിക്കൽ<br>സംഖ്യാബോധം ഉറപ്പിക്കുന്നതിനായി സംഖ്യാകാർഡുകൾ നൽകി സംഖ്യ പരിചയപ്പെടുത്തുന്നു. ആരോഹണാവരോഹണം, ഒറ്റസംഖ്യ, ഇരട്ടസംഖ്യ, സംഖ്യകൾ മുൻപിൽ പുറകിൽ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | Teachers Parents |
| ഗണിത കേളികളിലൂടെ ഗണിതപട്ടിക<br>September – March | ഗണിത കേളികളിലൂടെ കുട്ടികളെ പട്ടിക പഠനത്തിലേക്ക് നയിക്കുന്നു. | Teachers Parents |
| കൂടെ കൂട്ടാം<br>September – November | സങ്കലന ക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തന worksheetകൾ എല്ലാ ആഴ്ച്ചയിലും നൽകുന്നു. രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുന്നു. (ക്ലാസ് നിലവാരമനുസരിച്ച്) | Teachers Parents |
| കുറയ്ക്കാം കൂട്ടരേ<br>September – November | വ്യവകലന ക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തന worksheetകൾ ആഴ്ച്ചയിൽ 1 വീതം രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുന്നു. | Teachers Parents |
| October – March | ഹരിക്കും ഉയരത്തിലെത്തും.<br>ഹരണക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (ക്ലാസ് നിലവാരാനുസൃതം) | Teachers - Parents |

## മേഖല - ശാസ്ത്രം

ലക്ഷ്യം: കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താൻ സഹായിക്കുക.

| കാലയളവ് | പ്രവർത്തനം | ചുമതല |
|---|---|---|
| September - March | Little Scientist<br>ഓരോ ആഴ്ചയിലും കുട്ടികൾ ലഘുവായ ഒരു പരീക്ഷണം ചെയ്യുന്നു. ക്ലാസ് ഗ്രൂപ്പിൽ upload ചെയ്യുന്നു | Teachers<br>Parents |
| | Friendship With Science<br>ശാസ്ത്ര സൗഹൃദം<br>കുട്ടികൾക്ക് പരീക്ഷണവും നിരീക്ഷണവുമായി ബന്ധപ്പെട്ട 10 activityകൾ തിരഞ്ഞെടുത്ത് എല്ലാ ക്ലാസിലും ആഴ്ചയിൽ 2 പരീക്ഷണം എന്ന രീതിയിൽ നടത്തുന്നു.<br>പ്രവർത്തനങ്ങൾ | Teachers<br>PTA |
| September | ① വിത്ത് നടീൽ പരീക്ഷണം -<br>വ്യത്യസ്ത സാഹചര്യങ്ങളിൽ (വെളിച്ചം/ഇരുട്ട് വെള്ളം കുറച്ച് / കൂടുതൽ) വിത്ത് വളർത്തി വ്യത്യാസങ്ങൾ രേഖപ്പെടുത്തുന്നു. | Teachers<br>PTA |
| October | 2 ജലപരീക്ഷണം - വെള്ളത്തിൽ എന്തൊക്കെ പൊങ്ങും, എന്തൊക്കെ മുങ്ങും. | |
| September | 3 ~~കാന്തത്തിന്~~ മാഗ്നറ്റ് പരീക്ഷണം -<br>കാന്തത്തിന് ആകർഷിക്കപ്പെടുന്ന വസ്തുക്കൾ | Teachers<br>PTA |

| | | |
|---|---|---|
| | 3 [illegible] | |
| November | 4. Rainbow in water<br>വെള്ളം നിറച്ച ഗ്ലാസിൽ ചരിച്ചുവച്ച്, ടോർച്ച് വെളിച്ചം വീശി വർണ്ണകിരണങ്ങൾ കാണുക | Teachers<br>Parents |
| December | 5 ബലൂൺ എയർ പ്രഷർ- | |
| January | 6. Candle and air - പ്ലേറ്റിൽ വെള്ളം, മദ്ധ്യ മെഴുകുതിരി, ഗ്ലാസ് മൂടിയാൽ തീ കെടും, വെള്ളം ഉയരും → ഓക്സിജന്റെ പ്രാധാന്യം | Teachers<br>PTA |
| February | 7) Soap powder in water = വെള്ളത്തിൽ മുളക് പൊടി തളിച്ച് മദ്ധ്യ സോപ്പ് | |

## പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള അക്കാദമിക പ്രവർത്തനങ്ങൾ

പ്രീ പ്രൈമറി മുതൽ 4-ാം ക്ലാസുവരെ വിവിധ കാറ്റഗറികളിലായി ഉൾപ്പെടുന്ന (ഓട്ടിസം, intellectual disability, SLD, Speech) കുട്ടികൾക്കായി സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സഹായത്തോടെ inclusion-നെക്കുറിച്ചുള്ള ലൂടെയും IEP (Individualised Education Programme)ലൂടെയും കുട്ടികൾക്ക് അവരുടെ level-ന അനുസരിച്ചുള്ള പരിശീലനം നൽകിവരുന്നു.

Inclusion-ലിലൂടെ 1,2,4 എന്നീ ക്ലാസുകളിലെ ASD, ID, ~~SPEC~~ SLD എന്നിങ്ങനെ പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് ക്ലാസിൽ തന്നെ ക്ലാസിലെ പഠന ലക്ഷ്യങ്ങളനുസരിച്ച് adapted ~~lessons~~ lessons നൽകി വരുന്ന നൽകുന്നു.

Individualised Education Programme (IEP)ലൂടെ Pre primary class ലും 1, 2, 4 എന്നീ ക്ലാസുകളിലും (ID, SLD, ASD) ~~Spec~~ ക്ലാ. കുട്ടികൾക്ക് പ്രത്യേകമായി പിന്തുണ നൽകുന്നതാണ്.

2025

| Programme | CLASS | CATEGORY | OBJECTIVES |
| --- | --- | --- | --- |
| Inclusive Education. | STD I | ASD | മറ്റു കുട്ടികളോടൊപ്പം ക്ലാസ് റൂമിൽ ഇരിക്കുക, നിർദ്ദേശങ്ങൾ പാലിക്കുക, Adapted lessons-നോട് പ്രതികരിക്കുക. |
| | STD II | ID | ക്ലാസ് റൂമിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ക്ലാസിൽ ഇരിക്കുക, Adapted lessons-ഉം മനസ്സിലാക്കുക. |
| | STD IV | SLD | ക്ലാസിലെ പാഠഭാഗങ്ങളോട് (Adapted) പ്രതികരിക്കുന്നതിന് [illegible] പഠനപ്രവർത്തനങ്ങളിലൂടെ [illegible] |
| Individualized Education Programme (IEP) | Pre primary | ASD | Sitting behaviour, Attention and Concentration activities, Fine and gross motor activities, Pre academic Skills. |
| | STD I | ASD | Sitting behaviour training, Attention and Concentration activities, Academic training-reading, writing Peer group interactions |
| | STD II | ID | ~~[illegible]~~ To improve Concentration and attention skills, academic training (pre), Expressive language training |
| | STD IV | SLD | To ~~improve~~ ~~and~~ Academic training-reading, writing-malayalam and English basic skills. |

# കലാവിദ്യാഭ്യാസം

ലക്ഷ്യങ്ങൾ :

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
* കലാഭിരുചി വളർത്തുക
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക
* ഇതിനാവശ്യമായ കൃത്യമായ പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുക

| Time | Activity | |
|---|---|---|
| June-July (അവധിദിവസങ്ങൾ) | Warli painting- ഗണിതരൂപങ്ങളായ ത്രികോണം, വൃത്തം, ദീർഘചതുരം, ചതുരം എന്നിവ ഉപയോഗിച്ച് പ്രാചീന കലയായ വാർളി പെയിന്റിംഗ് പരിശീലിപ്പിക്കുന്നു. | Teachers. |
| July (അവധിദിവസങ്ങൾ) | Vegetable Painting - ക്ലാസ്സിൽ രൂപങ്ങൾ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് Vegetable Printing നടത്തുന്നു. | Teacher Parents. |
| August (അവധിദിവസങ്ങൾ) | Glass Painting - കുട്ടികളെ ഗ്ലാസ് painting പഠിപ്പിക്കുന്നു. | Teachers |
| August (അവധിദിവസങ്ങൾ) | Flower making - വിവിധ വർണങ്ങളിലുള്ള തുണികൊണ്ടുണ്ടാക്കുന്ന flowers കുട്ടികൾ ഉണ്ടാക്കാൻ പരിശീലിക്കുന്നു. | Teachers |
| September (അവധിദിവസങ്ങൾ) | Pot Painting / Bottle Painting | Teachers |
| September | Waste material Product making | |

# പ്രകൃതി പഠനം

ഉദ്ദേശ്യം: ജൈവവൈവിധ്യത്തെ കുറിച്ച് മനസ്സിലാക്കാനും പ്രകൃതിസംരക്ഷണ മനോഭാവം വളർത്തിയെടുക്കാനും അവസരം ഒരുക്കൽ.

| | |
|---|---|
| July | <u>മരങ്ങളുടെ പരിചയപ്പെടൽ:</u> സ്കൂൾ ചുറ്റുപാടിലെ മരങ്ങൾ കുട്ടികൾ നിരീക്ഷിക്കുന്നു. പേരുകൾ ലിസ്റ്റ് ചെയ്യുന്നു. ഓരോ മരത്തിന്റെയും പ്രത്യേകത രേഖപ്പെടുത്തുന്നു. |
| July - March | <u>ഔഷധസസ്യപരിപാലനം:</u> ഔഷധസസ്യങ്ങൾ സ്കൂളിലും വീട്ടിലും പരിപാലിക്കുന്നു. ഗുണങ്ങൾ മനസിലാക്കുന്നു. |
| August | <u>കുളവും ജലസസ്യങ്ങളും:</u> നിലവിലുള്ള കുളം വൃത്തിയാക്കി ചെറുമീനുകൾ, വിവിധതരം ജലസസ്യങ്ങൾ എന്നിവ നട്ടുപരിപാലിക്കുന്നു. ജലസസ്യങ്ങളുടെ പ്രത്യേകതകൾ കുട്ടികൾക്ക് അറിയാൻ അവസരം ഒരുക്കുന്നു. |
| July - വർഷ അവസാനം. | ചങ്ങാതിക്കൊരു മരം - കുട്ടികൾ വീടുകളിൽ നിന്നും കൊണ്ടുവന്ന മരതൈകൾ പരസ്പരം കൈമാറി, വീടുകളിൽ അവ നട്ട് പരിപാലിച്ച് വളർത്തുന്നു. |

## ഹരിത വിദ്യാലയം - ശുചിത്വവിദ്യാലയം

ഉദ്ദേശ്യം: സ്കൂൾ സൗന്ദര്യവത്ക്കരണം, വിഷരഹിത പച്ചക്കറി ഉദ്പാദനം, പ്രകൃതിസംരക്ഷണം, കൃഷിയോടുള്ള അഭിരുചി വളർത്തൽ, പ്ലാസ്റ്റിക് വേർതിരിച്ച് ശേഖരിക്കൽ.

| | | |
|---|---|---|
| July-March | സ്കൂൾ സൗന്ദര്യവത്ക്കരണം: സ്കൂൾ മുറ്റം മനോഹരമാക്കാൻ മുറ്റത്ത് പൂച്ചെടികൾ വച്ചുപിടിപ്പിക്കുന്നു. | PTA |
| * | സ്കൂൾ ഹരിതവത്ക്കരണം: സ്കൂളിലെ മരങ്ങൾ/ ഫലവൃക്ഷങ്ങൾ എന്നിവ വളം ഇട്ട് പരിപാലിക്കുന്നു. | |
| July-March | പച്ചക്കറി കൃഷി: ഞാനും എന്റെ ചീരയും<br>ഉപയോഗശൂന്യമായ കുപ്പിയിൽ (പ്ലാസ്റ്റിക്) ചീരകൃഷി ഓരോ കുട്ടിക്കും. (ജൈവകൃഷി) | PTA |
| July-March* | എന്റെ കൃഷി പാഠം<br>ഞാനും എന്റെ കൃഷിയും: സ്കൂൾ പച്ചക്കറി ഉദ്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ കൃഷിഭവനുമായി ചേർന്ന് ഓരോകുട്ടിക്കും പച്ചക്കറി കൃഷിചെയ്യാൻ ഒരു ചട്ടി എന്ന പ്രവർത്തനം. കുട്ടികൾ ചെടി പരിപാലിക്കുന്നു. (ജൈവകൃഷിത്തോട്ടം) | PTA |
| June-March* | മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ - ക്ലാസിലും ക്യാമ്പസിലും | ഹരിതകർമ്മസേന, esm. |
| June-March* | മരങ്ങൾക്ക് ചുറ്റും കുട്ടികൾക്കുള്ള ഇരിപ്പിടങ്ങൾ വൃത്തിയായി സൂക്ഷിക്കുകയും പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | |

## മേഖല - ഫീൽഡ്ട്രിപ്പ്

| | | |
|---|---|---|
| September - March | പൊതുസ്ഥാപനങ്ങൾ, സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന സന്ദർശനം | Teachers Parents SMC |
| June - March | കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ<br>1) CPTA കൃത്യമായ ഇടവേളകൾ വച്ച് പ്രതിമാസം ചേരൽ<br>പഠനപുരോഗതി പരിശോധിക്കൽ<br>മികവുകളുടെ അവതരണം, പൊതുചർച്ച<br><br>**മോണിറ്ററിംഗ് ടീം** | |
| June - March | അധ്യയനവർഷത്തിന് തുടക്കം മുതൽ ക്ലാസ്തല വിലയിരുത്തൽ, Unit വിലയിരുത്തൽ CE വിലയിരുത്തൽ കൂടാതെ വിവിധ ഘട്ടങ്ങളിൽ HM, SRG, PTA, MPTA, SSG SSA, AEO, DIET എന്നിവർ വിലയിരുത്തുന്നു. | |

## ഉപസംഹാരം

പൊതുവിദ്യാലയങ്ങൾ മികവിന്റെ പാതയിലൂടെ മുന്നേറുകയാണ്. ഈ സംരംഭത്തിൽ പങ്കാളികളായി, ഞങ്ങളുടെ സ്കൂളിലും നൂതന വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുമെന്ന് ഉറപ്പുനൽകുന്നു.